"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് ഡോ. കെ. സി. രമേശനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1363/2022/H&FWD തീയതി,തിരുവനന്തപുരം, 14-06-2022

പരാമർശം:-
1. സ.ഉ(സാധാ) നം. 1258/2022/ആകവ തീയതി 02.06.2022
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.06.2022-ലെ ഇസി6-37647/2022/ആവഡ നമ്പർ അന്വേഷണ റിപ്പോർട്ട്

## ഉത്തരവ്

കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്ന് രക്ഷപ്പെട്ട രോഗി മരണപ്പെട്ടതുമായി ബന്ധപ്പെട്ട വിഷയത്തിൽ ആശുപത്രി സൂപ്രണ്ട് ഡോ. കെ.സി.രമേശനെ പരാമർ ശം ( 1 ) പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ വിശദമായ അന്വേഷണം നടത്തുകയും പരാമർശം ( 2 ) പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, ഡോ. കെ.സി. രമേശനെ, അച്ചടക്ക നടപടിക്ക് വിധേയമായി, സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച്, കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ സൂപ്രണ്ടായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. കൂടാതെ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ സൂപ്രണ്ട് ഡോ. എൻ. രാജേന്ദ്രനെ കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിന്റെ സൂപ്രണ്ടായി മാറ്റി നിയമിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

സ.ഉ.(സാധാ) നം.1363/2022/H&FWD

ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട്

ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ

പകർപ്പ് :

ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി. എസ്സിന്
ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് ഡോ. കെ. സി രമേശന്റെ പുനർനിയമനം - തിരുത്തൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1393/2022/H&FWD തീയതി,തിരുവനന്തപുരം, 15-06-2022

---

പരാമർശം:-
1. സ.ഉ(സാധാ) നം.1363/2022/ആകുവ തീയതി 14.06.2022
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14.06.2022-ലെ ഇ.എ2-777/2021/ആവഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശിത ഉത്തരവിലെ രണ്ടാമത്തെ ഖണ്ഡികയിൽ " കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി" എന്ന് പരാമർശിച്ചിരിക്കുന്ന ഇടങ്ങളിലെല്ലാം ആയതിനു പകരം " കോഴിക്കോട് ജനറൽ ആശുപത്രി" എന്ന് തിരുത്തി ഉത്തരവാകുന്നു.

2. പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട്

ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

പകർപ്പ് : ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ ഇ.എ2-777/2021/ആ.വ.ഡ തീയതി 20/6/2022 അറിവിലേക്കും, അനന്തര നടപടിക്കുമായി പ്രസിദ്ധീകരിക്കുന്നു

20/6/22

ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി